പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1557 04.12. 2015- ലെ മറുപടി

## പ്രവാസി മലയാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിലെ മലയാളികളുടെ എണ്ണം എത്ര; വ്യക്തമാക്കുമോ; | എ) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് 2013 – ൽ നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം വിവിധ വിദേശ രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ എണ്ണം 16,25,653 ആണ്. |
| ബി)ഇവർ ഒരു വർഷം കേരളത്തിലേയ്ക്ക് അയയ്ക്കുന്നത് എത്ര കോടി രൂപയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ 2014-15 സാമ്പത്തിക വർഷം കേരളത്തിലെ വിവിധ ബാങ്കുകളിൽ അയച്ച തുക എത്രയെന്നും 2015 ഒക്ടോബർ 31 വരെ എത്ര തുക അയച്ചുവെന്നും വ്യക്തമാക്കുമോ; | ബി) കൃത്യമായ വിവരം ലഭ്യമല്ല. എന്നാൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ജൂൺ 2015 - ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ ബാങ്കുകളിലെ പ്രവാസികളുടെ നിക്ഷേപം 11734977 ലക്ഷം രൂപയാണ്. |
| സി)ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ നിലവിൽ ജോലി നോക്കുന്നത് എവിടെയാണ്; നിതാഖത് കർശനമാക്കിയ സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം എത്ര; | സി) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് 2013 – ൽ നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്നത് യു.എ.ഇ. യിലാണ്. ഈ സെൻസസ് പ്രകാരം സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം 421313 ആണ്. |
| ഡി)ഏറ്റവും കൂടുതൽ പ്രവാസികളുള്ള ജില്ല, താലൂക്ക് ഇവ ഏതൊക്കെയാണ്; വിശദമാക്കുക; | ഡി) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് 2013 – ൽ നടത്തിയ പ്രവാസി മലയാളി സെൻസസ് പ്രകാരം ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ള ജില്ല മലപ്പുറമാണ്. താലൂക്ക് തിരിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടില്ല. |

ഇ)ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശ രാജ്യങ്ങളിൽ എത്ര മലയാളി പ്രവാസികൾ ജയിലിൽ കഴിയുന്നുണ്ട്; ഇവരെ നാട്ടിൽ എത്തിക്കുന്നതിന് എന്തൊക്കെ സത്വര നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ എത്ര പേരെ നാട്ടിലെത്തിച്ചുവെന്നും വ്യക്തമാക്കുമോ?

ഇ) വിദേശ രാജ്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച വിശദ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങളിലെ ഇന്ത്യൻ എംബസിയോ ആ രാജ്യത്തെ സർക്കാരോ ലഭ്യമാക്കാത്തതിനാൽ പ്രവാസി മലയാളികളുടെ കൃത്യമായ എണ്ണം ലഭ്യമല്ല. ഇവരെ സംബന്ധിക്കുന്ന നിവേദനങ്ങൾ കുടുംബാംഗങ്ങളിൽ നിന്നും മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഭിക്കുന്ന മുറയ്ക്ക് അതാത് എംബസ്സികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ട്. തിരികെയെത്തുന്ന കേസുകളിൽ ചിലതിലൊഴികെ വിവരങ്ങൾ ബന്ധപ്പെട്ട എംബസിയോ തിരികെയെത്തുന്ന പ്രവാസികളോ സർക്കാരിനെ അറിയിക്കാത്തതിനാൽ തിരികെ നാട്ടിലെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

സെക്ഷൻ ഓഫീസർ